(സി) ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)-(സി) കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ പ്രധാന അസംസ്കൃത പദാർത്ഥം ചൈനാക്ലേ ആണ്. പ്രസ്തുത ക്ലേയ്ക്ക് വലിയ നിലയിൽ ലഭ്യതക്കുറവ് ഇല്ലെങ്കിലും നിലവിലുള്ള ഖനികളുടെ സാദ്ധ്യപരിമിതികൾ ഒരു പ്രശ്നമാണ്. ആയതിനാൽ കാസർഗോഡ് ജില്ലയിലെ എരിക്കുളത്ത് പേപ്പർ കോട്ടിംഗ്, സിറാമിക് ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ മുന്തിയ ഇനം ക്ലേ ലഭ്യമാണെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കമ്പനി അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ മൈനിംഗ് ആന്റ് ബെനിഫിസിയേഷൻ പ്ലാന്റ് അവിടെ സ്ഥാപിക്കുന്നതിനുവേണ്ടി 8.38 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും ഇതിന് ആവശ്യമായ സാമ്പത്തിക സഹായം കഴിഞ്ഞ ബഡ്ജറ്റിൽ മിത വായ്പയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മിതവായ്പായിനത്തിൽ 5 കോടി രൂപ വീതം മലബാർ സിമന്റ്സ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പനിയുടെ സിറാമിക് ഡിവിഷൻ മങ്ങാട്ട്പറമ്പിൽ ഇപ്പോൾ റിഫ്രാക്ടറി ബ്രിക്സ്, ഫ്ലൈറ്റിംഗ് ബാൾസ് തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ചുവരുന്നു. അവിടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഹോളോ ബ്ലോക്സ്, ഡെക്കറേറ്റീവ് ടൈൽസ്, പാവിംഗ് ടൈൽസ്, വയർക്കട്ട് ബ്രിക്സ് തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ ജർമ്മൻ ടൈപ്പ് കിലൻ, ഷട്ടർ കിലൻ തുടങ്ങിയവ സ്ഥാപിക്കുന്നതിനാവശ്യമായ ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് കമ്പനി സമർപ്പിക്കുകയും ആയതിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരികയുമാണ്. ഇങ്ങനെ മൊത്തം 10.99 കോടി രൂപയുടെ വൈവിദ്ധ്യവൽക്കരണ പദ്ധതിക്കാണ് കമ്പനി രൂപം നൽകിയിട്ടുള്ളത്.

കരിമണൽ ഖനനത്തിനായി തെരഞ്ഞെടുത്ത പ്രദേശത്തുനിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർക്കായി പാക്കേജ്

146 (6310) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം കെ. എം. എം. എൽ. കരിമണൽ ഖനനത്തിനായി തെരഞ്ഞെടുത്ത പന്മന പ്രദേശത്തുനിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർക്കായി എന്തൊക്കെ പാക്കേജുകളാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ കുടിയൊഴിപ്പിക്കപ്പെട്ടവർക്കായി ജോലി വാഗ്ദാനമോ

LIBRARY ARCHIVES Kerala Legislative Assembly

മറ്റു സഹായങ്ങളോ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; എത്ര പേർക്ക് അത് നൽകി യെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഖനനത്തിനായി തെരഞ്ഞെടുത്ത പാമ്പന പ്രദേശത്തു നിന്ന് കുടിയൊഴി പ്പിക്കപ്പെട്ടവർക്കായി താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

(1) അടിസ്ഥാന ഭൂമി വില

(2) ദേഹണ്ഡങ്ങളുടെ വില

(3) കെട്ടിട വില

(4) അടിസ്ഥാന ഭൂമി വില, ദേഹണ്ഡങ്ങളുടെ വില, കെട്ടിട വില ഇവയുടെ ആകെ തുകയ്ക്ക് 82% വർദ്ധനവ് അധികമായി നൽകുന്നു.

(5) ഇതിനുപുറമെ 10 സെന്റുവരെ ഭൂമിയും താമസമുള്ള കെട്ടിട ങ്ങൾ ഉള്ള ഉടമസ്ഥർക്ക് അടിസ്ഥാന ഭൂമി വിലയുടെ 20%വും 10 സെന്റിന് മുകളിൽ 25-ന് താഴെ ഭൂമി വിലയുടെ 10%-വും അധികമായി നൽകുന്നു.

(6) കെട്ടിടങ്ങളുടെ മേൽക്കൂരയുടെ സ്വഭാവം അനുസരിച്ച് ഷിഫ്റ്റിംഗ് ചാർജ്ജിനത്തിൽ യഥാക്രമം 30,000, 35,000, 40,000 രൂപ വീതം നൽകുന്നു.

(7) 5 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് ഭൂമി വില 1,00,000 രൂപ വഭിക്കുന്നില്ല എങ്കിൽ കുറഞ്ഞ വില 1,00,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(8) കച്ചവട സ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവർക്ക് 22,500 രൂപ നഷ്ട പരിഹാരമായി നൽകിവരുന്നു.

(ബി) 1998-2000-ൽ കമ്പനി beach sand washing collect ചെയ്യുന്നതിന് പൊന്മന കടൽത്തീരം ചേർത്ത് 23 ഏക്കർ സ്ഥലം എൽ.എ.ആക്ട് പ്രകാരം അക്വയർ ചെയ്തു. അപ്രകാരം അക്വയർ ചെയ്ത സ്ഥലം ഉടമകളുടെ കുടുംബ ങ്ങളിൽ ഒരാൾക്ക് എന്ന വ്യവസ്ഥയിൽ കരാറുകാരന്റെകൂടെ ജോലി നൽകി അപ്രകാരം 168 പേർ ജോലി ചെയ്യുന്നുണ്ട്. പിന്നീട് പൊന്മന പ്രദേശത്ത് ബാക്കി യുള്ള 168 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്കീം ഉണ്ടാക്കുകയും വിലയാധാര പ്രകാരം സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. 21-9-2006-ൽ ബഹു: വ്യവസായ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി എന്നി വരുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ പുതിയതായി ഏറ്റെടുത്ത സ്ഥല ങ്ങളിൽ നിന്നും മൈനിംഗ് തുടങ്ങുമ്പോൾ കോൺട്രാക്ടർക്ക് ആവശ്യമായ തൊഴിലാളികളെ കുടിയൊഴിപ്പിക്കപ്പെട്ടവരിൽനിന്നും കരാർ ജോലിക്കായി

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിക്കുമെന്ന് തീരുമാനിച്ചു. വ്യവസ്ഥകൾ പ്രകാരം ഈ ആനുകൂല്യത്തിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. നിലവിൽ 138 പേർ ഇപ്രകാരം engage ചെയ്യുന്നുണ്ട്.

പെരിങ്ങോം കേന്ദ്രീകരിച്ച് വ്യവസായ വളർച്ചാ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി

147 (6311) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ പെരിങ്ങോം കേന്ദ്രീകരിച്ച് വ്യവസായ വളർച്ചാ കേന്ദ്രം ആരംഭിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പെരിങ്ങോം കേന്ദ്രീകരിച്ച് വ്യവസായ വളർച്ചാ കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.ഇ.ഒ.മാർ

148 (6315) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സി. ഇ. ഒ. മാരായി നിയമിക്കില്ല എന്നത് ഈ സർക്കാരിന്റെ നയമാണോ ;

(ബി) എങ്കിൽ പ്രസ്തുത നയത്തിന് വിരുദ്ധമായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ സി. ഇ. ഒ മാരായി റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സർക്കാർ നയത്തിന് വിരുദ്ധമാകയാൽ അവരെ തൽസ്ഥാനത്തുനിന്നും ഉടനടി നീക്കം ചെയ്യുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) & (സി) സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ പൊതുമേഖലാസ്ഥാപനങ്ങളുടെ സി.ഇ.ഒ.മാരായി നിയമിക്കുന്നത് പരമാവധി ഒഴിവാക്കുക എന്നതാണ് സർക്കാർ നയം. എന്നാൽ അനിവാര്യമായ സന്ദർഭങ്ങളിൽ, പുരുങ്ങിയ കാലത്തേയ്ക്ക് ചിലരെ കരാറടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly